മി. സ്പീക്കർ: സർക്കാരിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും സങ്കീർണതയുംമൂലം ത്രിതല പഞ്ചായത്തുകളുടെ ഭവനരഹിതരായ, ജനറൽ സെക്ടറിൽപ്പെട്ടതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതുമായ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ചതുപോലെ വീടുകൾ നൽകുന്നതിനോ സ്ഥലം നൽകുന്നതിനോ സാധിക്കാത്തതുമൂലവും ഒന്നാം ഗഡു നൽകിയവർക്ക് തുടർന്നുള്ള ഗഡുക്കൾ ലഭിക്കാത്തതുമൂലവും സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. എൻ. ജയരാജ് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരുന്നു. (.....ബഹളം..) ഈ സഭയിലെ എല്ലാ അംഗങ്ങളും പറയുന്നത് എനിക്ക് ഒരുപോലെത്തന്നെയാണ്. (.....ബഹളം..) ആ നിലയ്ക്കൊന്നും കാര്യങ്ങൾ ദുർവ്യാഖ്യാനം ചെയ്യേണ്ട. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഒരുപോലെയുള്ള അവകാശമാണുള്ളത്. (.....ബഹളം..) അത് സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ചെയറാണിത്. സർവ്വ കക്ഷിയോഗത്തിൽ എന്റെ അഭിപ്രായം കൃത്യമായി പറഞ്ഞിരുന്നു. അതിനോട് ശ്രീ. ഒ. രാജഗോപാലും

പിന്തുണച്ചിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ആ അഭിപ്രായമാണ് ഞാനിവിടെ സ്വീകരിച്ചിട്ടുള്ളത്. ചെയറിന്റെ അഭിപ്രായമാണിത്. അതിന്റെ എല്ലാ ബാധ്യതയും ഉത്തരവാദിത്വവും ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. പ്ലീസ്. (.....ബഹളം..)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്ത് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി.... (ബഹളം..ബഹളം...)

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങ് പ്രമേയത്തിന് അവതരണാനുമതിതേടി സംസാരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; (.....ബഹളം..) എങ്കിൽമാത്രമേ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ട കാര്യമുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ, ഈ വിഷയം എനിക്ക് അവതരിപ്പിക്കണമെന്നുണ്ടായിരുന്നു. സഭയുടെ ഇപ്പോഴത്തെ അവസ്ഥയിൽ അടിയന്തരപ്രമേയത്തിൽ നിന്ന് ഞാൻ പിൻമാറുകയാണ്. (ബഹളം.. ബഹളം....)

മി. സ്പീക്കർ: അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും. ദയവായി നിങ്ങൾ ഇരിക്കൂ... ഈ പ്രതിഷേധം എന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. ദയവായി നിങ്ങൾ സഹകരിക്കണം. (.....ബഹളം..)

പ്രകോപിപ്പിച്ച് ശ്രീ. അനിൽ അക്കര എന്തെങ്കിലും നേടാമെന്ന് വിചാരിക്കേണ്ട.

(.....ബഹളം..)